# നോർക്ക ന്യൂസ്

ന്യൂസ്‌ലെറ്റർ

Follow us on

Government of Kerala

NORKA ROOTS®

A Government of Kerala Undertaking

എന്നും പ്രവാസികൾക്കൊപ്പം

മാർച്ച് 2023


## നോർക്കയുടെ പുനരധിവാസ പദ്ധതികൾക്ക് പ്രാധാന്യമേറുന്നു : എം.വി. ഗോവിന്ദൻ മാസ്റ്റർ

### ലോൺ മേളയിൽ 75 സംരംഭങ്ങൾക്ക് വായ്പാനുമതി



പ്രവാസികൾക്കായി നോർക്ക റൂട്ട്സ് വഴി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതികൾക്ക് പ്രാധാന്യമേറുന്നതായി തളിപ്പറമ്പ് എം.എൽ.എ എം.വി ഗോവിന്ദൻ മാസ്റ്റർ. കണ്ണൂർ ജില്ലയിലെ പ്രവാസി സംരംഭകർക്കായി നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലോൺ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗൾഫ് മേഖലയുടെ സാമ്പത്തിക പുരോഗതിയിൽ മലയാളി പ്രവാസി സമൂഹത്തിന്റെ പങ്കം ശ്രദ്ധേയമാണ്. പ്രവാസത്തിന്റെ സ്വഭാവം മാറിവരികയാണ്. ഇന്ന് വികസിത രാജ്യങ്ങളിലേയ്ക്കാണ് കേരളത്തിൽ നിന്നുള്ള കുടിയേറ്റം കൂടുതലായി നടക്കുന്നത്. കോവിഡുൾപ്പെടെയുള്ള പ്രതികൂല അവസ്ഥയിൽ പ്രവാസികൾ തിരിച്ചെത്തുന്ന സാഹചര്യവും നിലവിലുണ്ട്.

ഇതിനാലാണ് പ്രവാസികൾക്കായുള്ള സർക്കാരിന്റെ പുനരധിവാസ പദ്ധതികൾക്ക് പ്രാധാന്യവും ജനശ്രദ്ധയും ലഭിക്കുന്നത്. ചടങ്ങിൽ നോർക്ക റൂട്ട്സ് റസിഡൻ്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഈ സാമ്പത്തിക വർഷം സംഘടിപ്പിക്കുന്ന 28 ാമത് പ്രവാസി ലോൺ മേളയാണ് ഇതെന്നും ശ്രീരാമകൃഷ്ണൻ ചൂണ്ടിക്കാട്ടി. ഇതുവരെ 6000 ത്തോളം പ്രവാസി സംരംഭകർക്കാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി വഴി മാത്രം നേട്ടമുണ്ടായതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മേളയിൽ 75 സംരംഭങ്ങൾക്ക് പ്രാഥമിക അനുമതിയായി. ജില്ലയിൽ നിന്നുള്ള 117 പ്രവാസി സംരംഭകരാണ് മേളയിൽ പങ്കെടുക്കാനെത്തിയത്. തളിപ്പറമ്പ് ടാപ്കോസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നോർക്ക റൂട്ട്സ് സിഇഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി മുഖ്യപ്രഭാഷണവും, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി പദ്ധതി വിശദീകരണവും നിർവ്വഹിച്ചു. കേരള ബാങ്ക് ഡയറക്ടർ ബോർഡ് അംഗം വത്സലകുമാരി, ബാങ്ക് ഓഫ് ഇന്ത്യ ബ്രാഞ്ച് മാനേജർ പ്രജീഷ്, കേരള സ്റ്റേറ്റ് കോർപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക് റീജിയണൽ മാനേജർ ഗീത എം.ടി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കേർപ്പറേഷൻ പ്രോജക്ട് അസിസ്റ്റന്റ് ജിതിൻ എന്നിവർ സംബന്ധിച്ചു.

നോർക്ക റൂട്ട്സ് എൻ.ഡി.പി. ആർ. ഇ.എം പദ്ധതിയുടെ ഭാഗമായ 18 ൽ 16 ബാങ്കിങ്ങ് ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് വായ്പാമേള സംഘടിപ്പിച്ചത്.

## ബജറ്റ് : വിമാനയാത്രാനിരക്കിൽ ഇടപെടാനുള്ള തീരുമാനം രാജ്യത്താദ്യം: പി.ശ്രീരാമകൃഷ്ണൻ





പ്രവാസികൾക്ക് പ്രതീക്ഷാ നിർഭരമായ നിരവധി പദ്ധതികൾ പ്രഖ്യാപിച്ച പ്രവാസീ സൗഹൃദ ബജറ്റാണ് സംസ്ഥാന സർക്കാരിന്റേതെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി.ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഏറ്റവും പ്രധാനം ലക്ഷക്കണക്കിന് വരുന്ന സാധാരണ പ്രവാസികൾക്ക് ആശ്വാസമേകുന്ന വിമാനയാത്രാക്കൂലിയിൽ ഇടപെടാനുള്ള തീരുമാനമാണ്. സീസൺ സമയത്ത് എയർലൈൻ ഓപ്പറേററർമാരുമായി ഇടപെട്ട് യാത്രക്കാർക്ക് താങ്ങാവുന്ന നിരക്ക് ഉറപ്പുവരുത്താനായി 15 കോടി രൂപയുടെ കോർപ്പസ് ഫണ്ട് രൂപീകരിക്കാനുള്ള തീരുമാനം ഗൾഫ് യാത്രക്കാരെ സംബന്ധിച്ചിടത്തോളം ഏററവും ആശ്വാസം നൽകുന്നതാണ്. ഇത്തരമൊരു പ്രഖ്യാപനം രാജ്യത്ത് തന്നെ ആദ്യമായാണ്. പ്രവാസി പുനരധിവാസത്തിനും, ക്ഷേമത്തിനും നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും തുടരുന്നതിനോടൊപ്പമാണ് പുതിയ പദ്ധതികൾ കൂടി ഉൾപ്പെടുത്തിയതെന്നും ശ്രീരാമകൃഷ്ണൻ ചൂണ്ടിക്കാട്ടി. മടങ്ങിവരുന്ന പ്രവാസി തൊഴിലാളികൾക്ക് പരമാവധി 100 ദിനങ്ങൾ എന്ന നിലയിൽ ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള Norka Assisted & Mobilised Employment (NAME) പ്രഖ്യാപനവും അതീവ നൂതനമായ പദ്ധതിയാണ്. വിദേശങ്ങളിൽ വിദ്യാഭ്യാസത്തിനായി പോകുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്കായി O.E.T/I.E.L.T.S തുടങ്ങിയ പരീക്ഷകളുടെ പരിശീലനത്തിനായി നോർക്കാ ശുഭയാത്ര എന്ന പേരിൽ രണ്ട് കോടി രൂപയും മാറ്റിവച്ചിരിക്കുന്നു.

മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായും പുതിയ നൈപുണ്യ വികസന പദ്ധതികൾക്കായും 84.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ തന്നെ കുറഞ്ഞ വരുമാനക്കാരായ റിട്ടേൺഡ് എമിഗ്രൻസിന് വേണ്ടിയുള്ള പ്രവാസിഭദ്രത, പ്രവാസി ഭദ്രത-മൈക്രോ,കെ.എസ്.ഐ.ഡി.സി മുഖേനയുള്ള പ്രവാസി ഭദ്രത-മെഗാ, സാന്ത്വന എന്നിവയ്ക്കും, എൻ.ഡി,പി.ആർ.ഇ.എം പദ്ധതിയ്ക്കും ആവശ്യമായ തുകയും നീക്കി വച്ചിട്ടുണ്ട്. എയർപോർട്ട് എമർജൻസി ആംബുലൻസ് സേവനങ്ങൾക്ക് 60 ലക്ഷം രൂപയും ലോക കേരളസഭയുടെ തുടർപ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

മാവേലിക്കരയിൽ നോർക്കയുടെ കൈവശമുള്ള ഭൂമിയിൽ ലോക മലയാള കേന്ദ്രം/ലോക സാംസ്കാരിക കേന്ദ്രം എന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. പ്രവാസലോകത്തെ മുഖ്യമായ പല പ്രശ്നങ്ങളേയും ശരിയായ നിലയിൽ അഭിസംബോധന ചെയ്യുന്ന ഈ ബജററ് പ്രവാസികൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്നതാണ്. പ്രായോഗികമായി പദ്ധതികളെ കണ്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാലിനെ നോർക്കയ്ക്ക് വേണ്ടി അഭിനന്ദിക്കുകയാണെന്നും പി. ശ്രീരാമകൃഷ്ണൻ അറിയിച്ചു.



# ട്രിപ്പിൾ വിൻ: നേരിട്ടറിഞ്ഞ് ജർമ്മൻ സംഘം



ജർമ്മനിയിലേയ്ക്ക് നഴ്സുമാരുടെ തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്നതിനായി നോർക്ക റൂട്ട്സും ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും സംയുക്തമായിനടപ്പാക്കുന്ന ട്രിപ്പിൾ വിൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നേരിട്ടറിയാൻ ജർമ്മൻ സംഘം തിരുവനന്തപുരത്തെത്തി. ജർമ്മൻ പാർലമെന്റ് അംഗങ്ങളായ റാൽഫ് ബ്രിങ്ക്വസ്, ഡോ. തോഴ്സ്റ്റെൻ റുഡോൾഫ്, മരിയ ക്ലെയ്ൻ, കരീനാ കോൺറാഡ്, ജെറോൾഡ് ഒട്ടെൻ, സെവിം ഡാഗ്ഡെലൻ, പാർലമെന്റ് ഉദ്യോഗസ്ഥ മോണിക്ക ഹെയ്ൻ, ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും (ജി.ഐ .ഇസഡ് )പ്രതിനിധി ഡോ.റോഡ്നേ റിവിയർ, എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. ഗോയ്ഥേ സെന്ററിൽ നടന്ന ചടങ്ങിൽ നോർക്ക അധികൃതർ, ജർമ്മൻ ഭാഷാപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന നഴ്സുമാർ, ഭാഷാ അദ്ധ്യാപകർ എന്നിവരുമായി അവർ ആശയവിനിമയം നടത്തി.

ട്രിപ്പിൾവിൻ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി സംബന്ധിച്ച് നോർക്ക സി.ഇ.ഒ ഹരികൃഷ്ണൻ നമ്പൂതിരി ചടങ്ങിൽ പ്രസന്റേഷൻ നടത്തി. പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കുന്ന വീഡിയോയും പ്രദർശിപ്പിച്ചു. ഇൻഡോ-ജർമ്മൻ പ്രോഗ്രാമിനെക്കുറിച്ച് ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി പ്രതിനിധി ഡോ.റോഡ്നേ റിവിയറും അവതരണം നടത്തി. ജർമ്മൻ ഫെഡറൽ കൗൺസൽ ഡോ. സെയ്ദ് ഇബ്രാഹിം, ജി.ഐ. ഇസഡ് പ്രതിനിധി സുനേഷ് ചന്ദ്രൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

2021 ഡിസംബർ 2 ന് ഒപ്പുവച്ച കരാർ പ്രകാരമാണ് ട്രിപ്പിൾവിൻ പദ്ധതി നിലവിൽ വന്നത്. പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട നഴ്സുമാരുടെ രണ്ടാം ഘട്ട പരിശീലനം അവസാന ഘട്ടത്തിലാണ്. പരിശീലനം പൂർത്തിയാക്കിയ അൻപതോളം പേർ ഉടൻ ജർമ്മനിയിലേയ്ക്ക് പറക്കും. ആറ് നഴ്സുമാർ ഇതിനോടകം ജർമ്മനിയിലെത്തി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞു.

ജർമ്മനിയിൽ എത്തിയ ശേഷവും ജർമ്മൻ രജിസ്ട്രേഷൻ നേടാനുള്ള പരിശീലനം സൗജന്യമായി ഇവർക്ക് ലഭിക്കും. ജർമ്മൻ ഭാഷയിലെ ഏ വൺ മുതൽ ബി 2 വരെയുള്ള കോഴ്സ് ഫീ, പരീക്ഷാ ഫീസ്, ട്രാൻസിലേഷനും അറ്റസ്റ്റേഷനും വേണ്ടിവരുന്ന ചെലവ്, വിമാന ടിക്കറ്റ് തുടങ്ങിയ എല്ലാ ചെലവുകളും ജർമ്മൻ ഏജൻസിയാണ് വഹിക്കുന്നത്. ഉയർന്ന ശമ്പളം, പങ്കാളിക്കും കുട്ടികൾക്കും വിസ തുടങ്ങി ജർമ്മൻ പൗരന്മാർക്കുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാകുവാൻ ഈ പ്രോഗ്രാമിലൂടെ അവസരമുണ്ട്.

ട്രിപ്പിൽ വിൻ പ്രോഗ്രാം വൻ വിജയമായതിനെ തുടർന്ന് ട്രിപ്പിൾ വിൻ ഹോസ്പിറ്റാലിറ്റി എന്ന പുതിയ പ്രോജക്ട് കൂടി നടപ്പിലാക്കുവാൻ ജർമൻ ഏജൻസി താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് യാഥാർത്ഥ്യമായാൽ ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം തുടങ്ങിയ മേഖലകളിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്കും മികച്ച തൊഴിലവസരം ലഭിക്കും.

# കുവൈറ്റ് നാഷണൽ ഗാർഡ് റിക്രൂട്ട്മെന്റ് കൊച്ചിയിൽ നടന്നു



കുവൈറ്റിലെ ദേശരക്ഷാ ചുമതലയുള്ള കുവൈറ്റ് നാഷണൽ ഗാർഡിലേയ്ക്ക് (കെ.എൻ.ജി) ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നിയമന നടപടികൾ നടന്നു. ആദ്യമായിട്ടാണ് കുവൈറ്റ് നാഷണൽ ഗാർഡ്സ് ഇന്ത്യയിൽ നേരിട്ടെത്തി റിക്രൂട്ട്മെന്റ് നടത്തുന്നത് കാക്കനാട്ട് നടന്ന റിക്രൂട്ട്മെന്റ് നടപടികൾ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

നോർക്ക റൂട്ട്സ് മുഖേന മുൻപ് നടത്തിയ ഓൺലൈൻ ഇന്റർവ്യൂവിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശയും വിശദമായ മാർഗരേഖകളും കൈമാറി. കുവൈറ്റ് നാഷണൽ ഗാർഡിലെ പുതിയ ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്തവരുടെ അഭിമുഖവും ഇതോടൊപ്പം നടന്നു. മറ്റ് വിഭാഗങ്ങളിൽപെട്ട ഉദ്യോഗാർത്ഥികളുടെ അഭിമുഖത്തിനുള്ള തീയതി പിന്നീട് അറിയിക്കും.

ആരോഗ്യ രംഗത്തെ കൂടാതെ എഞ്ചിനിയറിങ്ങ്, ഐ.ടി, ഡാറ്റാഅനലിസ്റ്റ് മേഖലകളിലുമുള്ള ഒഴിവുകൾക്ക് കേരളത്തിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുമെന്ന് കുവൈറ്റ് സംഘം ഉറപ്പുനൽകിയതായി നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി.ശ്രീരാമകൃഷ്ണൻ അറിയിച്ചു. ഇക്കാര്യത്തിലുള്ള ധാരണാപത്രം നോർക്ക റൂട്ട്സ് കൈമാറുന്ന മുറയ്ക്ക് ഒപ്പുവെയ്ക്കും. നോർക്ക ചെയർമാൻ കൂടിയായി മുഖ്യമന്ത്രി പിണറായി വിജയന്റെ ആശംസകളും കുവൈറ്റ് സംഘത്തെ പി.ശ്രീരാമകൃഷ്ണൻ അറിയിച്ചു.

നിയമപരവും സുരക്ഷിതവുമായി വിദേശരാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന നോർക്ക റൂട്ട്സിന് പുതിയ ചുവടുവെയ്പാണ് കെ.എൻ.ജി റിക്രൂട്ട്മെന്റ് എന്ന് സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരി പറഞ്ഞു. കുവൈറ്റിലേയ്ക്കുള്ള പുത്തൻ തൊഴിൽവാതായനങ്ങൾ തുറക്കാൻ റിക്രൂട്ട്മെന്റ് നടപടിക സഹായകരമാകുമെന്നും ഹരികൃഷ്ണൻ നമ്പൂതിരി അഭിപ്രായപ്പെട്ടു.

കുവൈറ്റ് നാഷണൽ ഗാർഡ് പ്രതിനിധികളായ കേണൽ അൽ സയ്ദ് മെഷൽ, കേണൽ ഹമ്മാദി തരേഖ്, മേജർ അൽ സെലമാൻ ദാരി, ലെഫ്. കേണൽ അൽ മുത്താരി നാസർ എന്നിവരാണ് റിക്രൂട്ട്മെന്റിന് നേതൃത്വം നൽകിയത്. വിവിധ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ, പാരാമെഡിക്സ്, ബയോ മെഡിക്കൽ എഞ്ചിനീയർ, ലാബ് ടെക്നിഷ്യൻ, റേഡിയോഗ്രാഫേഴ്സ്, ഫാർമസിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, നഴ്സ് തുടങ്ങി 23 ഓളം തസ്തികകളിലേക്കാണ് റിക്രൂട്ട്മെന്റ് നടത്തിയത്.



Government of Kerala

NORKA ROOTS
A Government of Kerala Undertaking
എന്നും പ്രവാസികൾക്കൊപ്പം

## നോർക്ക - യൂണിയൻ ബാങ്ക് പ്രവാസി ലോൺമേള
# 182 സംരംഭകർക്ക് വായ്പാനുമതി



നോർക്ക-യൂണിയൻ ബാങ്ക് ലോൺ മേളയുടെ ഉദ്ഘാടനം നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി കോഴിക്കോട് നിർവ്വഹിക്കുന്നു.

കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിലെ പ്രവാസി സംരംഭകർക്കായി നോർക്ക റൂട്ട്സും യൂണിയൻ ബാങ്കും സംയുക്തമായി സംഘടിപ്പിച്ച രണ്ടുദിവസത്തെ വായ്പാ മേളയ്ക്ക് വിജയകരമായ സമാപനം. നാലു ജില്ലകളിലായി ആകെ 483 പ്രവാസിസംരംഭകരാണ് മേളയിൽ പങ്കെടുക്കാനെത്തിയത്. ഇവരിൽ 182 പേർക്ക് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള പ്രാഥമിക വായ്പാ അനുമതി ലഭിച്ചു.

53 സംരംഭകരെ എൻ.ഡി.പി.ആർ.ഇ എം പദ്ധതിയുടെ ഭാഗമായ മറ്റു ബാങ്കുകൾക്ക് നോർക്ക റൂട്ട്സ് ശുപാർശ ചെയ്തു. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വായ്പ ലഭ്യമാകും. കോഴിക്കോട് മേളയിൽ പങ്കെടുത്ത 110 പേരിൽ 73 പേർക്കും, വയനാട് 148 ൽ 19 പേർക്കും, കണ്ണൂരിൽ 147 ൽ 55 പേർക്കും, കാസർഗോഡ് 78 ൽ 35 പേർക്കുമാണ് വായാപാനുമതിയായത്. ലോൺ മേളയുടെ ഉദ്ഘാടനം നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി കോഴിക്കോട് നിർവ്വഹിച്ചു.

തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെൻറ് പ്രൊജക്റ്റ് ഫോർ റീട്ടേൻഡ് എമിഗ്രൻസ് (എൻ.ഡി.പി.ആർ.ഇ.എം) പദ്ധതി പ്രകാരമാണ് ലോൺ മേള സംഘടിപ്പിച്ചത്. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ വരെ) 3 ശതമാനം പലിശ സബ്സിഡിയും (ആദ്യത്തെ നാലു വർഷം) NDPREM പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും.

# വിയറ്റ്നാം, ഇറാഖ് എംബസി അറ്റസ്റ്റേഷൻ ഇനിമുതൽ നോർക്കയിൽ

വിദ്യാഭ്യാസ, വ്യക്തിവിവര സർട്ടിഫിക്കറ്റുകളുടെ വിയറ്റ്നാം, ഇറാഖ് എംബസി അറ്റസ്റ്റേഷൻ സേവനങ്ങൾ ഇനി മുതൽ നോർക്ക റൂട്ട്സിന്റെ മൂന്ന് റീജിയണൽ ഓഫീസുകളിൽ നിന്നും ലഭിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സർട്ടിഫിക്കറ്റ് ആതന്റിക്കേഷൻ സെന്ററുകളിൽ നിന്നാണ് സേവനം ലഭിക്കുക.

വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾക്ക് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ HRD അറ്റസ്റ്റേഷൻ, കേന്ദ്ര വിദേശകാര്യ മന്ത്രാലയ സാക്ഷ്യപ്പെടുത്തൽ (MEA), വ്യക്തിവിവര സർട്ടിഫിക്കറ്റുകൾക്ക് ഹോം അറ്റസ്റ്റേഷൻ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യു.എ.ഇ), ഖത്തർ, ബഹറൈൻ, കുവൈറ്റ്, സൗദി അറേബ്യ സാക്ഷ്യപ്പെടുത്തൽ, നൂറോളം രാജ്യങ്ങൾ അംഗങ്ങളായുള്ള അന്താരാഷ്ട്ര അംഗീകാരമുള്ള അപ്പോസ്റ്റിൽ അറ്റസ്റ്റേഷൻ എന്നിവ നോർക്ക റൂട്ട്സ് വഴി ലഭ്യമാണ്.



## നോർക്ക – കേരളാബാങ്ക് ലോൺമേള
# 203 സംരംഭങ്ങൾക്ക് വായ്പാനുമതി



കോഴിക്കോട് ജില്ലയിലെ പ്രവാസി സംരംഭകർക്കായി നോർക്ക റൂട്ട്സും കേരള ബാങ്കും സംയുക്തമായി സംഘടിപ്പിച്ച വായ്പാ മേളയിൽ 203 സംരംഭങ്ങൾക്കായി 18.22 കോടി രൂപയുടെ വായ്പാ അനുമതി നൽകി. സംരംഭങ്ങളുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നതോടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കേരള ബാങ്ക് ശാഖകൾ വായ്പ അനുവദിക്കും. 251 അപേക്ഷകരാണ് വായ്പാ മേളയിൽ പങ്കെടുത്തത്.

കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസ് ഓഡിറ്റോറിയത്തിൽ നടന്ന വായ്പാമേള കേരള ബാങ്ക് ഡയറക്ടർ ഇ രമേശ് ബാബു ഉദ്ഘാടനം ചെയ്തു. റീജിയണൽ ജനറൽ മാനേജർ സി അബ്ദുൽ മുജീബ് അധ്യക്ഷത വഹിച്ചു. നോർക്ക റൂട്ട്സ് കോഴിക്കോട് സെന്റർ മാനേജർ അബ്ദുൽ നാസർ വാക്കയിൽ നോർക്ക റൂട്ട്സ് പദ്ധതികളും കേരള ബാങ്ക് വായ്പാ വിഭാഗം മാനേജർ ടി കെ ജീഷ്മ കേരള ബാങ്ക് വായ്പാ പദ്ധതികളും വിശദീകരിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ കെ ദിനേശൻ, ഐ കെ വിജയൻ, നോർക്ക റൂട്ട്സ് പ്രൊജക്റ്റ് അസിസ്റ്റന്റ് എം ജയകുമാർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എം പ്രശാന്ത് എന്നിവർ പ്രസംഗിച്ചു. കോഴിക്കോട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ പി ബാലഗോപാലൻ സ്വാഗതവും ഡെപ്യൂട്ടി ജനറൽ മാനേജർ കെ എം റീന നന്ദിയും പറഞ്ഞു.

നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രൻസ് പ്രകാരമാണ് മേള നടത്തിയത്. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും 3 ശതമാനം പലിശ സബ്സിഡിയും പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും. കേരള ബാങ്കിൻറെ പ്രവാസി ഭദ്രത പദ്ധതിയിൽ 153 പേർക്കായി 6.90 കോടി രൂപയുടെയും വായ്പാ അനുമതിയും നൽകിയിട്ടുണ്ട്.





# ട്രിപ്പിൾ വിൻ: മൂന്നാം ഘട്ടം തുടങ്ങി

നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെൻറ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇൻറർനാഷണൽ കോ-ഓപ്പറേഷനും സംയുക്തമായി നടപ്പാക്കുന്ന, ജർമ്മനിയിലേയ്ക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെൻ്റ് പദ്ധതിയായ ട്രിപ്പിൾ വിൻ പദ്ധതിയുടെ മൂന്നാം എഡിഷന് ആരംഭമായി. ഏപ്രിൽ 19 മുതൽ 28 വരെ തിരുവനന്തപുരത്ത് ജർമ്മൻ ഡെലിഗേഷൻ നേരിട്ട് നടത്തുന്ന ഇൻറർവ്യൂവിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഗോയ്ഥേ ഇൻസ്റ്റിറ്റ്യൂട്ടിൽ ജർമ്മൻ ഭാഷാപരിശീലനം (ബി 1 ലെവൽ വരെ) നൽകി ജർമ്മനിയിലെ ആരോഗ്യമേഖലയിലേയ്ക്ക് റിക്രൂട്ട് ചെയ്യും.

ആദ്യ എഡിഷനിൽ തെരഞ്ഞെടുക്കപ്പെട്ട 200 നഴ്സുമാരുടെ ജർമ്മൻ ഭാഷാ പരിശീലനം ഗോയ്ഥേ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കൊച്ചിയിലും, തിരുവനന്തപുരത്തുമായി പൂർത്തിയായിട്ടുണ്ട്. ഇവരിൽ ബി 1 ലെവൽ യോഗ്യത നേടിയവരുടെ വിസ പ്രോസസിംഗ് നടന്നുവരുന്നു. രണ്ടാം എഡിഷനിൽ തെരഞ്ഞെടുക്കപ്പെട്ട 300 നഴ്സുമാരുടെ ഭാഷാ പരിശീലനം ജനുവരി 23 ന് ഗോയ്ഥേ ഇൻസ്റ്റിറ്റ്യൂട്ടിൽ പുരോഗമിക്കുകയാണ്. ഭാഷാ പരിശീലനം പൂർത്തിയാക്കി ബി 1 സർട്ടിഫിക്കറ്റ് നേടുന്ന മുറയ്ക്ക് ഇവരെ അസിസ്റ്റൻറ് നഴ്സുമാരായി ജർമ്മനിയിലേക്ക് കൊണ്ടുപോകും. തുടർന്ന് ജർമ്മനിയിൽ എത്തിയ ശേഷം തൊഴിൽ ദാതാവിന്റെ ചെലവിൽ ബി2 ലെവൽ ഭാഷാ പഠനം പൂർത്തിയാക്കുന്നതിനും രജിസ്റ്റേർഡ് നഴ്സായി ഉയർന്ന ശമ്പളത്തിൽ ജോലി നേടുന്നതിനും ഇവർക്ക് സാധിക്കും.

# അവലോകന യോഗം ചേർന്നു

നോർക്ക റൂട്ട്സിന്റെ കോഴിക്കോട് മേഖലാ ഓഫീസ് സന്ദർശിച്ച് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി.ശ്രീരാമകൃഷ്ണൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

പ്രവാസികൾ കൂടുതലുള്ള തിരൂരിലും ചെങ്ങന്നൂരിലും നോർക്കയുടെ സബ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ അറിയിച്ചു. നോർക്ക റൂട്ട്സിന്റെ സേവനങ്ങൾ കൂടുതൽ പ്രവാസികളിലേയ്ക്ക് എത്തിക്കാൻ പുതിയ സബ് ഓഫീസുകൾ സഹായിക്കും. ഓരോ ജില്ലയിലും പ്രവാസികൾ കൂടുതലുള്ള രണ്ടോ മൂന്നോ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ പ്രവർത്തനം നടത്താൻ നോർക്ക ഓഫീസുകൾക്ക് നിർദ്ദേശം നൽകുമെന്നും പി.ശ്രീരാമകൃഷ്ണൻ പറഞ്ഞു.

നോർക്ക പുനരധിവാസ പദ്ധതി പ്രകാരം ലഭിച്ച ലോൺ മുഖാന്തിരം അരംഭിച്ചതും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതുമായ സംരംഭങ്ങൾ കണ്ടെത്തി ഡോക്യുമെന്റ് ചെയ്യാൻ സംരംഭകത്വ സന്ദേശയാത്ര നടത്തുന്ന കാര്യവും പരിഗണനയിലാണെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ അറിയിച്ചു.

നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അവലോകന യോഗത്തിൽ പങ്കെടുത്തുകൊണ്ട് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ കെ.ഹരി കൃഷ്ണൻ നമ്പൂതിരി അറിയിച്ചു. കോഴിക്കോട് സെന്റർ മാനേജർ അബ്ദുൾ നാസർ, ജീവനക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

# നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ്: ഉദ്ഘാടനം മാർച്ച് 14 ന്






വിദേശത്തു തൊഴിൽ തേടുന്ന കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് വിദേശ ഭാഷാപ്രാവീണ്യവും, തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന നോർക്ക റൂട്ട്സിന്റെ പുതിയ സംരംഭമാണ് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് (എൻ.ഐ.എഫ്.എൽ) . ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ഔദ്യോഗിക ഉദ്ഘാടനം മാർച്ച് 14-ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന നോർക്ക റൂട്സിന്റെ ആസ്ഥാനകാര്യാലയത്തിനു സമീപമുള്ള മേട്ടുക്കട ജംഗ്ഷനിൽ എച്ച്.ആർ ബിൽഡിങ്ങിലെ രണ്ടാം നിലയിലാണ് എൻ.ഐ.എഫ്.എൽ പ്രവർത്തനം തുടങ്ങുന്നത്. വിദേശ തൊഴിൽ അന്വേഷകർക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിനൊപ്പം, തൊഴിൽ ദാതാക്കൾക്ക് മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും, റിക്രൂട്ട് ചെയ്യാനും, ഉദ്യോഗാർത്ഥികൾക്ക് മികച്ച തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താനും കഴിയുന്ന തരത്തിൽ മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെൻ്റർ എന്ന നിലയിലാണ് ഇൻസ്റ്റിറ്റ്യൂട്ടിനെ വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിലായിരിക്കും ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുക.

ഇംഗ്ലീഷ് ഭാഷയിൽ ഒ ഇ റ്റി (O.E.T-Occupational English Test) , ഐ ഇ എൽ ടി എസ് (I.E.L.T.S-International English Language Testing System) , ജർമ്മൻ ഭാഷയിൽ C.E.F.R (Common European Framework of Reference for Languages) എ 1, എ2, ബി1, ബി2 ലെവൽ വരെയുള്ള കോഴ്സുകളാണ് ആദ്യഘട്ടത്തിൽ പഠിപ്പിക്കുക. സൈക്യാട്രിസ്റ്, ഫിസിയോതെറാപിസ്റ്റ്, മെന്റൽ ഹെൽത്ത് നഴ്സസ് , ജനറൽ നഴ്സസ് , ഫാർമസിസ്റ് , ഡൈറ്റിഷ്യൻ, സ്പീച്ച് തെറാപ്പിസ്റ്റ് തുടങ്ങി പത്തോളം ആരോഗ്യ മേഖലയിലുള്ളവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ബി പി ൽ വിഭാഗത്തിനും എസ് സി ,എസ് ടി വിഭാഗത്തിനും പഠനം പൂർണമായും സൗജന്യമായിരിക്കും. മറ്റ് എ പി ൽ വിഭാഗങ്ങൾക്ക് 25 ശതമാനം ഫീസ് അടച്ചാൽ മതിയാകും.

യോഗ്യരായ അധ്യാപകർ, മികച്ച അധ്യാപക വിദ്യാർത്ഥി അനുപാതം, സൗണ്ട് പ്രൂഫ് ലാംഗ്വേജ് ലാബ്, അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ച എയർ കണ്ടീഷൻഡ് ക്ലാസ് മുറികൾ എന്നിവ ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. പുതുതായി സജ്ജീകരിച്ചിരിക്കുന്ന വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന വിദേശത്തു തൊഴിൽ ലഭ്യമാവുന്നതിന് ആവശ്യമായ കഴിവുകൾ മൂർച്ച കൂട്ടുന്നതിനുള്ള മികച്ച അവസരമാണിത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്ന ഉദ്യോഗാർഥികൾക്ക് നോർക്ക റൂട്സ് മുഖേന വിദേശത്ത് തൊഴിൽ നേടാൻ അവസരവുമുണ്ട്.



NORKA ROOTS, Norka Centre, Thycaud, Thiruvananthapuram,-695014 Phone 0471-2770500, 2332416, 2332452 fax: 0471-2326263 email: mail@norkaroots.org, www.norkaroots.org
Printed and published by CEO Norka Roots on behalf of Government of Kerala No of copies 200, For free distribution March 2023